**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4300** **28-10-2021 - ൽ മറുപടിയ്ക്ക്**

**ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസ വൈദ്യുതി റീഡിംഗിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ വീടുകളുടെ വൈദ്യുതി റീഡിംഗ് എടുക്കുന്ന കാലയളവ് വ്യക്തമാക്കുമോ; | (എ) | ഓരോ വിഭാഗം ഉപഭോക്താക്കൾക്കും ബില്ലുകൾ തയ്യാറാക്കി നൽകി വരുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന താരിഫ് ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് അനുസൃതമായാണ്. ബഹു ഭൂരിപക്ഷം വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കും ദ്വൈമാസ മീറ്റർ റീഡിംഗിലൂടെയാണ് വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നത്. ഇതിനായി നിലവിൽ ജീവനക്കാർ രണ്ടു മാസത്തിലൊരിക്കൽ നേരിട്ട് വന്നു ഉപഭോക്താവിന്റെ മീറ്റർ റീഡിംഗ് എടുത്ത് വൈദ്യുതി ബിൽ നൽകുന്ന രീതിയാണ് നിലവിൽ ഉള്ളത്. ഇപ്രകാരം ബിൽ തയ്യാറാക്കുമ്പോൾ അവരുടെ ദ്വൈമാസ മീറ്റർ റീഡിംഗുകളിൽ നിന്നും പ്രതിമാസ ഉപഭോഗം കണക്കാക്കുകയും, അതിന് പ്രതിമാസ ഉപഭോഗ പരിധിയുടെ നിരക്കനുസരിച്ച് ബിൽ തുക കണക്കാക്കുകയുമാണ് ചെയ്യുന്നത്. ആയതിനാൽ ദ്വൈമാസ മീറ്റർ റീഡിങ്ങ് മൂലം ഉപഭോക്താക്കൾക്കു അമിതമായ വൈദ്യുതിചാർജ്ജ് രേഖപ്പെടുത്തുന്നു എന്ന ഒരു സാഹചര്യം നിലവിലില്ല. |
| (ബി) | രണ്ട് മാസത്തിലൊരിക്കൽ റീഡിംഗ് എടുക്കുന്നതിലൂടെ സ്ലാബ് മാറ്റം മൂലം ഗാർഹിക ഉപഭോക്താക്കൾ കൂടുതൽ തുക വൈദ്യുതി ചാർജായി അടയ്ക്കേണ്ടി വരുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഓരോ വിഭാഗം ഉപഭോക്താക്കൾക്കും ബില്ലുകൾ തയ്യാറാക്കി നൽകി വരുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന താരിഫ് ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് അനുസൃതമായാണ്. ബഹു ഭൂരിപക്ഷം വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കും ദ്വൈമാസ മീറ്റർ റീഡിംഗിലൂടെയാണ് വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നത്. ഇതിനായി നിലവിൽ ജീവനക്കാർ രണ്ടു മാസത്തിലൊരിക്കൽ നേരിട്ട് വന്നു ഉപഭോക്താവിന്റെ മീറ്റർ റീഡിംഗ് എടുത്ത് വൈദ്യുതി ബിൽ നൽകുന്ന രീതിയാണ് നിലവിൽ ഉള്ളത്. ഇപ്രകാരം ബിൽ തയ്യാറാക്കുമ്പോൾ അവരുടെ ദ്വൈമാസ മീറ്റർ റീഡിംഗുകളിൽ നിന്നും |

| | | | |
|---|---|---|---|
| | | | പ്രതിമാസ ഉപഭോഗം കണക്കാക്കുകയും, അതിന് പ്രതിമാസ ഉപഭോഗ പരിധിയുടെ നിരക്കനുസരിച്ച് ബിൽ തുക കണക്കാക്കുകയുമാണ് ചെയ്യുന്നത്. ആയതിനാൽ ദ്വൈമാസ മീറ്റർ റീഡിങ് മൂലം ഉപഭോക്താക്കൾക്ക് അമിതമായ വൈദ്യുതിചാർജ്ജ് രേഖപ്പെടുത്തുന്നു എന്ന ഒരു സാഹചര്യം നിലവിലില്ല. |
| (സി) | ഇക്കാര്യത്തിൽ പൊതുജനങ്ങളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഇപ്രകാരമുള്ള മീറ്റർ റീഡിംഗ് മൂലം ഗാർഹിക ഉപഭോക്താക്കൾ കൂടുതൽ തുക വൈദ്യുതി ചാർജായി അടയ്ക്കേണ്ടി വരുന്നുവെന്ന് ആരോപണമുള്ളതിനാൽ കെ.എസ്.ഇ.ബി. ഇത് സംബന്ധിച്ച് വിശദീകരണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ദ്വൈമാസ മീറ്റർ റീഡിങ് മൂലം അമിതമായ വൈദ്യുതി ചാർജ്ജ് രേഖപ്പെടുത്തുന്നു എന്ന് പൊതുജനങ്ങളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. ആരോപണത്തിന് വിശദീകരണം നൽകിയിട്ടുണ്ട്. |
| (ഇ) | വീടുകളുടെ റീഡിംഗ് പ്രതിമാസം എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത നടപടിയിലൂടെ ഗാർഹിക ഉപഭോക്താക്കൾക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കുന്നതിന് തയ്യാറാകുമോ; ഇത് സംബന്ധിച്ച് പൊതു ജനാഭിപ്രായം തേടാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ഇ) | ലോക്ക്ഡൗൺ സമയത്ത് മുഴുവൻ കുടുംബാംഗങ്ങളും വീടുകളിൽ തന്നെ തങ്ങിയ സാഹചര്യത്തിലാണ് കൂടുതൽ പരാതികൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗത്തിൽ ടി കാലയളവിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്. ഇത് മൂലം ബില്ലുകളിൽ വരാവുന്ന വർദ്ധനയ്ക്ക് പുറമേ ഉയർന്ന ഉപഭോഗ സ്ലാബുകളിൽ കൂടിയ നിരക്ക് ബാധകമായതിനാലും മുൻകാല ബില്ലുകളെക്കാൾ ഉയർന്ന തുക ഈ കാലയളവിൽ വരുന്നത് സ്വാഭാവികമാണ്. മീറ്റർ റീഡിംഗ് എടുക്കാതിരുന്ന കാലയളവിൽ ശരാശരി ഉപഭോഗം കണക്കാക്കി ബിൽ ലഭിച്ച ഗാർഹിക ഉപഭോക്താക്കൾക്ക് യഥാർത്ഥ ഉപഭോഗത്തിനേക്കാൾ കൂടിയ ബിൽ അടക്കേണ്ട സാഹചര്യം ഉണ്ടാകാൻ ഇടയില്ല. ഉപഭോക്താക്കളുടെ പ്രയാസങ്ങൾ പരമാവധി ലഘൂകരിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുണ്ട്. മാസം തോറും റീഡിംഗ് എടുക്കുന്നതിനും, ബില്ലുകൾ തയ്യാറാക്കുന്നതിനും, ക്യാഷ് കളക്ഷൻ നടത്തുന്നതിനും കൂടുതൽ ജീവനക്കാരെ നിയോഗിക്കേണ്ടി വരുന്നതുമൂലം ഉണ്ടാകുന്ന അധിക ചെലവ് കെ.എസ്.ഇ.ബി.എൽ-ന്റെ പ്രവർത്തന ചെലവിനെ ക്രമാതീതമായി വർദ്ധിപ്പിക്കുന്നതും, ഈ തുക ഉയർന്ന വൈദ്യുതി നിരക്കായി താരിഫിൽ പ്രതിഫലിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടാകുവാൻ ഇടയുണ്ട്. ആയതിനാൽ മാസംതോറും ഉപഭോക്താക്കളുടെ റീഡിംഗ് എടുത്തു |

| | | | |
|---|---|---|---|
| | | | പ്രതിമാസബിൽ നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല |
| (എഫ്) | രണ്ട് മാസത്തിലൊരിക്കൽ ഗാർഹിക റീഡിംഗ് എടുക്കുന്നതിലൂടെ ഉപഭോക്താക്കൾക്കുള്ള നേട്ടങ്ങളും കോട്ടങ്ങളും എന്താണെന്ന് വിലയിരുത്തി വിശദമാക്കുമോ? | (എഫ്) | ലോക്ക്ഡൗൺ സമയത്ത് മുഴവൻ കുടുംബാംഗങ്ങളും വീട്ടുകളിൽ തന്നെ തങ്ങിയ സാഹചര്യത്തിലാണ് കൂടുതൽ പരാതികൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗത്തിൽ ടി കാലയളവിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്. ഇത് മൂലം ബില്ലുകളിൽ വരാവുന്ന വർദ്ധനയ്ക്ക് പുറമേ ഉയർന്ന ഉപഭോഗ സ്ലാബുകളിൽ കൂടിയ നിരക്ക് ബാധകമായതിനാലും മുൻകാല ബില്ലുകളെക്കാൾ ഉയർന്ന തുക ഈ കാലയളവിൽ വരുന്നത് സ്വാഭാവികമാണ്. മീറ്റർ റീഡിംഗ് എടുക്കാതിരുന്ന കാലയളവിൽ ശരാശരി ഉപഭോഗം കണക്കാക്കി ബിൽ ലഭിച്ച ഗാർഹിക ഉപഭോക്താക്കൾക്ക് യഥാർത്ഥ ഉപഭോഗത്തിനേക്കാൾ കൂടിയ ബിൽ അടക്കേണ്ട സാഹചര്യം ഉണ്ടാകാൻ ഇടയില്ല. ഉപഭോക്താക്കളുടെ പ്രയാസങ്ങൾ പരമാവധി ലഘൂകരിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുണ്ട്. മാസം തോറും റീഡിംഗ് എടുക്കുന്നതിനും, ബില്ലുകൾ തയ്യാറാക്കുന്നതിനും, ക്യാഷ് കളക്ഷൻ നടത്തുന്നതിനും കൂടുതൽ ജീവനക്കാരെ നിയോഗിക്കേണ്ടി വരുന്നതുമൂലം ഉണ്ടാകുന്ന അധിക ചെലവ് കെ.എസ്.ഇ.ബി.എൽ-ന്റെ പ്രവർത്തന ചെലവിനെ ക്രമാതീതമായി വർദ്ധിപ്പിക്കുന്നതും, ഈ തുക ഉയർന്ന വൈദ്യുതി നിരക്കായി താരിഫിൽ പ്രതിഫലിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടാകുവാൻ ഇടയുണ്ട്. ആയതിനാൽ മാസംതോറും ഉപഭോക്താക്കളുടെ റീഡിംഗ് എടുത്തു പ്രതിമാസബിൽ നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ